മാതൃഭൂമി
12 June 2019

# കർഷകർക്ക് തുണയായി കാർഷിക സേവന കേന്ദ്രം

**കൊച്ചി** ▸ നെൽകൃഷിക്ക് നിലമൊരുക്കൽ മുതൽ മത്സ്യ കൃഷിക്ക് കൂടുനിർമാണം വരെ എല്ലാത്തരം കാർഷിക സേവനങ്ങളും ഒരു കുടക്കീഴിൽ.

കാർഷിക വൃത്തിയിൽ സൗകര്യങ്ങളൊരുക്കുന്നതിനും മറ്റും ജില്ലയിലെ കർഷകരെ സഹായിക്കാൻ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ (കെ.വി.കെ.) കാർഷിക സേവന കേന്ദ്രം സി.എം.എഫ്.ആർ.ഐ.യിൽ പ്രവർത്തന സജ്ജമായി.

നെൽകൃഷി, പൊക്കാളി കൃഷി, മത്സ്യ കൃഷി, കൂടുമത്സ്യ കൃഷി, ചെമ്മീൻ കൃഷി, പച്ചക്കറി കൃഷി, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ തുടങ്ങി വിവിധ കൃഷി രീതികളിൽ കർഷകരെ സഹായിക്കുന്നതിനായാണ് സേവന കേന്ദ്രം.

കാർഷിക യന്ത്രസാമഗ്രികളുടെ സഹായവും കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങളും കേന്ദ്രത്തിൽനിന്ന് ലഭ്യമാകും.

കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർവഹിച്ചു. മഴക്കാലം തുടങ്ങിയതോടെ നെൽകൃഷിക്ക് വേണ്ടിയുള്ള നിലമൊരുക്കലാണ് കേന്ദ്രത്തിൽ നിന്നുള്ള ഇപ്പോഴത്തെ പ്രധാന സേവനം.

എല്ലാത്തരം കാർഷിക സേവനങ്ങളും മിതമായ ഫീസ് നിരക്കിൽ ലഭ്യമാക്കുന്നതിന് കർഷകർക്ക് സേവന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യാം. ഫോൺ: 80894 34479. പരിശീലനം ലഭിച്ച കെ.വി.കെ.യുടെ തൊഴിലാളികളാണ് കർഷകരെ സഹായിക്കാനെത്തുക. ഭാവിയിൽ, സ്വയംസഹായക സംഘങ്ങൾ രൂപവത്കരിച്ച് സേവന കേന്ദ്രത്തിന്റെ പ്രവർത്തന മേഖല വിപുലപ്പെടുത്തും.